# നിറങ്ങൾ

ഡിജിറ്റൽ മാഗസിൻ

2019-20



ജി എച്ച് എസ്എസ് പനംങ്കണ്ടി

മാറിവരുന്ന പുത്തൻ സാങ്കേതിക വിദ്യയുടെ മായിക ലോകത്ത് അഭിരമിക്കുന്ന യുവതലമുറയുടെ വിദ്യാഭ്യാസ പുരോഗതിയെ അനസ്യൂതമായി ഒഴുക്കാനും അറിവിന്റെ നിറമുള്ള നിമിഷങ്ങൾ സജീവമാക്കാനും ചെയ്യുന്ന പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തുടർന്നു വരുന്നത്.

നമ്മുടെ വിദ്യാലയത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന നിറങ്ങൾ ലിറ്റിൽ കൈറ്റസ് മാഗസിനു എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

ഹെഡ് മാസ്റ്റർ

കെ കെ കുഞ്ഞിക്കണ്ണൻ



പനങ്കണ്ടി ഗവ ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ

കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന നിറങ്ങൾ മാഗസിൻ

പ്രവർത്തനങ്ങൾക്ക് സർവ്വവിധ ആശംസകളും

അറിയിക്കുന്നു

പി ടി എ പ്രസിഡണ്ട്

സജീഷ് കുമാർ

## ഉള്ളടക്കം


1 മോഹം

2 തോറ്റകുട്ടി.......................................................ആസിയ.

3 ബാരീശ്...............................അൻസിയ

4 അമ്മ................................................ഉണ്ണിമായ

# മോഹം

********



പൂഞ്ചിറകിൽ  പഞ്ചിത്തുവൽ  മാരിവില്ലു ചാർത്തി
മാനത്തോളമെന്റെ  മോഹം  പൂക്കിനാവ് നെയ്തു
പൂഞ്ചിറകും  വീശി വാനിലെന്റെ  മക്കൾ പാറും
കുഞ്ഞിക്കണ്ണിൽ  പൊൻകണിയായ് പൂമരത്തേലേറും

കാടവർക്കും പശിയകറ്റകാൻ നാട്ടുതാണ്ടിപ്പേറും
കാട്ടുപോലാക്കുളിരുന്നീതിൽ ചിറകടിച്ചു നീന്തും
കാലമേ പിന്നിലാക്കി നാട്ടുതാണ്ടി  ചീറീപ്പായും
കാലമവർക്കൊപ്പമെത്താന്  പാട്ടുപ്പെട്ടുപായും

നേരറിഞ്ഞുമക്കളിവർ   പുലരിയെയുണർത്തും
പുലരിയേറ്റം  പൊൻകിരണം പുതിയ വാനം തീർക്കും

# തോറ്റകുട്ടി



## ഒരു വായനാനുഭവം പറയാം

തോമസ് ആൽവാ എഡിസനെ നമുക്ക് ഏവർക്കും പരിചിതമാണല്ലോ. കുട്ടിക്കാലത്ത് ഒരിക്കൽ സ്കൂൾ വിട്ട് സ്കൂളിലെത്തിയ എഡിസൻെറ കൈയിൽ ക്ളാസ് ടീച്ചർ അമ്മയ്ക്ക് നൽകിയ ഒരു എഴുത്ത് ഉണ്ടായിരുന്നു. കത്ത് കൈമാറിയശേഷം അമ്മ മാത്രം വായിച്ചാൽമതിയെന്നഅധ്യാപകയുടെ നിർദ്ദേശവും എഡിസൺ പറഞ്ഞു. ആ കത്തിലൂടെ കണ്ണ് പോയപ്പോൾ അമ്മയുടെ കണ്ണുകൾനിറഞ്ഞുതുളുമ്പിയിരുന്നു. അവൾ ഉറക്കെ വായിച്ചു

പ്രിയപ്പെട്ട അമ്മയ്ക്ക് നിങ്ങളുടെ മകൻ അതിബുദ്ധിമാനായിരുന്നതിനാൽ ഈ വിദ്യാലയം അവന് അപര്യാപ്തമാണ്. ആയതിനാൽ മകനെ മറ്റൊരു നല്ല സ്കൂളിൽചേർത്ത് പ്രതീക്ഷയ്ക്കൊത്ത് ഉയർത്തുക

കാലം കടന്നുപോയി അമ്മ ഈ ലോകത്തോട്വിട പറഞ്ഞു. എഡിസൺ ഉന്നതങ്ങളായ പല കണ്ടുപിടിത്തങ്ങളും നടത്തി. ഒരിക്കൽ വീട് വൃത്തിയാക്കി കൊണ്ടിരിക്കുമ്പോൾ ഭദ്രമായി മടക്കിയ ഒരു വെള്ള കടലാസ് കിട്ടാനിടയായി. തുറന്ന് നോക്കിയപ്പോൾ അത് അന്നത്തെ എഴുത്തായിരുന്നു. അതിൽ ഇപ്രകാരം എഴുതിയിരുന്നു. എഡിസൻെറ അമ്മ അറിയുന്നതിന് നിങ്ങളുടെ മകൻ മന്ദബുദ്ധിയാണ്. മാനസിക വളർച്ച തീരെ ഇല്ലഅവനെ കൈകാര്യം ചെയ്യാൻ ഞങ്ങൾക്കാവില്ല. ഈ വിദ്യാലയത്തിന് ചീത്തപേരുണ്ടാക്കുന്നതിനു മുമ്പ് അവനെ ഇവിടെ നിന്നും പിരിച്ചുവിട്ടിരിക്കുന്നു. നാളെ മുതൽ സ്കൂളിൽ അയക്കരുത് വീട്ടിലിരിത്തിക്കോളൂ. . . . . . . കത്തു വായിച്ച എഡിസൺ വല്ലാത്തോ

രാവസ്ഥയിലായി. . . . . അമ്മ അന്ന് വായിച്ച് കേൾപ്പിച്ചതെന്ന് അന്ന് തൻെറ ഡയറിയിൽ അദ്ദേഹം ഇങ്ങനെ എഴുതി. തോമസ്ആൽവ എഡിസൺ മന്ദബുദ്ധിയായ കുട്ടിയായിരുന്നു. അദ്ദേഹത്തി ൻെറ അമ്മ അവനെ ഒരു ജീനിയസ് ആക്കി മാറ്റിയെടുത്തു. വായിച്ചു കഴിഞ്ഞപ്പോൾ ഞാനും ഉറക്കെ ചിന്തിച്ചുപോകുന്നു. എത്രയെത്ര കുട്ടികളാണ് കലോത്സവങ്ങളിൽകായികമേളയിൽ ശാസ്ത്രമേളകളിൽ അതിനെല്ലാം ഉപരി ക്ലാസ് മുറികളിൽ മന്ദബുദ്ധിയാക്കപ്പെടുന്നത്. . . . . . ? വിധികർത്താക്കളുടേയോ വിഷയധ്യാപകൻെറ പരിമിതികൾക്കപ്പുറത്തുള്ള ധാരാളം പ്രതിഭകൾ മാറ്റുരയ്ക്കുന്ന വേദികളാണിവിടം എല്ലാവരും ഒന്നാംസ്ഥാനക്കാരുടെ പിറകെ പോകുമ്പോൾ പരാജയപ്പെട്ടവൻെറ മനോവേദന ആരുംകാണാതെ പോകുന്നു. അവൻ സ്വയം ശപിച്ചുകൊണ്ട് ശിക്ഷിതനാകുന്നു. താൻ കഴിവില്ലാത്തവനും അച്ഛനമ്മമാരുടെ പ്രതിക്ഷയ്ക്കൊത്ത് ഉയരാനും കഴിയാത്തവനാണെന്ന അധമബോധം അവനെ തളച്ചിടിന്നു. തല്ലും തലോടലും രണ്ടും ഒരുപോലെ ആവശ്യമുള്ള വിദ്യാർത്ഥി ജീവിത്തിൽ സ്വയം അവഹേളിക്കപ്പെട്ടവനായി ഓരോപരാജിതനും ജീവിത്തെ ഭയക്കുന്നു.

റിയാലിറ്റി ഷോകളുടെ എലിമിനേഷൻ റൗണ്ടുകളിൽ നാമെല്ലാം കരഞ്ഞു കലങ്ങിയ കണ്ണുകളോടെ വിധി നിർണ്ണയം ഏറ്റുവാങ്ങുന്നു. ഈ പരീക്ഷകളും മത്സരങ്ങളുമെല്ലാം സൃഷ്ടിച്ചെടുക്കുന്ന ഒരു ഇമേജ് സൃഷ്ടിയുണ്ടല്ലോ. . . . . അത് ഭയങ്കരമാണ്. . . . . . . . . . അവൾ നന്നായി പാടും അവൻ നന്നായി പഠിക്കും ഒന്നാമനാകും എന്നൊക്കെ പറഞ്ഞ്ആത്മവിശ്വാസത്തിൻെറ കൊടുമുടിയിലേക്ക് പിഞ്ചുമനസിനെ നാം വലിച്ചിഴയ്ക്കുന്നു. പക്ഷെ ജീവിതത്തിൽ പൊരുതി നേടുന്നത് പലപ്പോഴും ആദ്യം പറഞ്ഞ കുട്ടിയുടെ അടുത്ത് നിന്നവനായിരിക്കും.

നെല്ലിൻ ചുവട്ടിൽ നിൽക്കുന്ന കാട്ടുപുല്ലുപോലെ ആരാലും കാണാതെയുംകേൾക്കാതെയും പോയവൻ! അവൻെറസാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാൽ പലപ്പോഴും അവൻ ഉന്നതനായില്ല. അധ്യാപകരുടെ വിധികർത്താക്കളുടെ പ്രശംസ പിടിച്ചു പറ്റിയില്ല - പക്ഷേ എല്ലാ പ്രതിസന്ധികളെയും നേരിട്ടുവിജയശ്രീലാളിതനായി അജയനായി ആ സാധാരണക്കാരൻ സി പ്ളസ് കാരൻ ജ്വലിച്ച് നിൽക്കുമ്പോൾ തികഞ്ഞ അപമാനഭാരത്താൽ പലരുടെയും ശിരസ്സുകൾ ഭൂമിയോളം താഴ്ന്നുപോയേക്കാം. " ചിന്തിക്കുക- ഓരോ കുട്ടിയും അവൻെറ ജീവിതവും

ഒരമ്മയുടെ പ്രാർത്ഥനയാണ്.

അച്ഛൻെറ വിയർപ്പാണ്-


ഒരധ്യാപകൻെറ, അധ്യാപകരുടെ ആത്മസാക്ഷാത്കാരമാണ്

സമൂഹത്തിൻെറ പ്രതീക്ഷയും പ്രത്യാശയുമാണ്. "

തല്ലിക്കെടുത്തരുത് ആ സ്വപ്നങ്ങളെ ?ഇരുട്ടിലാക്കരുത് അവരുടെ അവകാശങ്ങളെ?

സ്നേഹ പൂർണ്ണമായ ഒരു നോട്ടം ഒരു തലോടൽ അംഗീകാരത്തിൻെറ ഒരു വാക്ക് ഒരു പുഞ്ചിരിക- ഇതെല്ലാം ആ പിൻബഞ്ചുകാരനെയും ആത്മവിശ്വാസത്തിലെത്തിക്കാം. . . . . . . . നിർലോഭമായി പ്രോൽസാഹിപ്പിക്കുക ആ മനസുകളിൽ മുക്കെന്നുമൊരിടമുണ്ടാകും. സുഗന്ധവാഹിയായ പൂപോലെ

ആസിയ പി





# बारिश

बारिश आया     बारिश आया
नदि में पानी आया
बारिश आया     बारिश आया
नदि में मछली आया

बारिश आया     बारिश आया
नदी में नाव आया
बारिश आया     बारिश आया
आकाश में इंद्रधनुष आया

അന്സിയ മരിയ     5c





## അമ്മ

*********

അകലെ എങ്ങോ മാഞ്ഞുമറഞ്ഞ
കിനാവെ .........നീ...... നിഷ്കളങ്ക
പ്രഭയിൽ വന്നു നിന്നു...........
തോരാമഴയൊത്തരറ്റ വീട്ടിൽ നിന്നു
നെഞ്ചുപൊട്ടി മരിക്കികയാണെൻ-
യമ്മ...... ആരോടു ചൊല്ലേണ്ടു............
ആരെരക്ഷണിക്കേണ്ടു നാഥനില്ലാത്തൊരി
യുദ്ധഭൂവിൽ..................

ഇരുളും വെളിച്ചവും
വേർതിരിച്ചറിയാത്ത ഭൃത്യയാ
രാഷ്ട്ര നേതാക്കളാം ധീരയോദ്ധാക്കളെ....
അറിയുമോ അമ്മയെന്ന കിനാവിനെ.
..............................


by
X-B





